സി2/സ്കോളർഷിപ്പ്/2018-19
സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്
[Fresh]

"ഭരണഭാഷ മാതൃഭാഷ"

നമ്പർ ക്യു3/102898/2018-19/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 02/08/2018

**കോളേജ് വിദ്യാഭ്യാസ വകുപ്പ് .സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്**

**ഫ്രെഷ്/റിന്യൂവൽ 2018-2019 വിജ്ഞാപനം.**

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കേരളത്തിലെ ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി - 2018 മാർച്ചിൽ 80%വും അതിനുമുകളിലും വാങ്ങിയവർക്കായി സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു.

(1) അപേക്ഷകർ 2018 മാർച്ചിൽ തന്നെ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പാസ്സായിരിക്കണം.

(2) അപേക്ഷകർ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 80%മോ അതിനുമുകളിലോ നേടിയിരിക്കണം.

(3) ഗവൺമെന്റ് /എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ ബിരുദം/പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങിയവയിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.

(4) അപേക്ഷകരുടെ മാതാപിതാക്കളുടെ വാർഷികവരുമാനം 8 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

(5) ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട ഡോക്യുമെന്റ്സ്

(എ) എസ്.എസ്.എൽ.സി. യുടെ അറ്റസ്റ്റഡ് സർട്ടിഫിക്കറ്റ്

(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ്/പ്രൂഫ് ഓഫ് പെർമനന്റ് റസിഡൻസ്

(സി) വരുമാന സർട്ടിഫിക്കറ്റ്-അഫിഡവിറ്റ്/വില്ലേജ് താലൂക്ക് അധികാരികളിൽ നിന്നുള്ളത്.

(ഡി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്,അംഗവൈകല്യ സർട്ടിഫിക്കറ്റ് തുടങ്ങിയവ(വികലാംഗർ മാത്രം അംഗവൈകല്യ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി)

(ഇ)ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കണ്ടറി മാർക്ക് ലിസ്റ്റ്(ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്യേണ്ടത് )

(എഫ്) ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങുകയും അതിന്റെ പാസ്സ് ബുക്കിന്റെ മുൻപേജ് അറ്റസ്റ്റ് ചെയ്തത് (അതിൽ വിദ്യാർത്ഥിയുടെ പേര്, അക്കൗണ്ട് നമ്പർ ,ഐ.എഫ്.എസ്.സി. കോഡ് മുതലായവ അടങ്ങിയത്.)

(ജി) ആധാർ കാർഡിന്റെ അറ്റസ്റ്റ് കോപ്പി നിർബന്ധമില്ല.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31/10/2018

ഓൺലൈൻ അപേക്ഷയുടെ ഹാർഡ് കോപ്പി [ആവശ്യമായ രേഖകൾ സഹിതം] 24/10/2018 - ന് മുമ്പ് കോളേജ് ഓഫീസിൽ ലഭിച്ചിരിക്കണം.